Item Code: 956 Participant Code: 026

വിഷയം: എനിക്ക്
ഞാൻ അപരിചിതൻ
No : 026

# ആത്മദർശനം

ശ്യാമമായ് ഹൃദയാംബരമെങ്കിലും
മേഘജാലം കനിഞ്ഞില്ലിതേവരെ
വേനലിൻ തപ്ത നിശ്വാസമേറ്റെന്റെ
വേദനിപ്പൂ ചെറു മൗന പ്രതീക്ഷകൾ

ശ്രീ വിടർന്നൊരു ശ്രാവണ സന്ധ്യപോൽ
സ്നേഹദീപമായ് പൂത്തുലഞ്ഞേറ്റിയും
നന്മതൻ നിലാത്തുണ്ടുകൾ ഭൂമിതൻ
നെറ്റിയിൽ വീണുണർന്നൊരു തുമ്പയും

പാതിവെന്തെരിഞ്ഞെങ്കിലും ജീവിത
പാതയിൽ പൂവിടർത്താൻ തുടിക്കയായ്
മൃത്യുവിൻ പാദനിസ്വനം കേൾക്കിലും
അത്യുദാരവർഷത്തെ സ്മരിക്കയായ്

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

'അന്യരാണെന്റെ ചുറ്റിലും, കൂട്ടിനായ്
ഇന്നെനിക്കു ഞാനേയുണ്ടെന്നതാം
ആത്മസൗഹൃദമേകിയ സാന്ത്വന
തീർത്ഥവും വറ്റി, ഞാനെനിക്കന്യനായ്

ചുറ്റുമുള്ളവരൊക്കെയും കാണുവാൻ
മർത്ത്യരൂപം പൂട്ടിയായ് മാറവേ
സ്നേഹവും സത്യവും നീതിബോധവും
കേവലം കെട്ടുകാഴ്ചകളാകവേ

ബന്ധുബന്ധങ്ങൾ നമുക്കന്യരായ്
പിന്നെയെന്നോ മരിച്ചുപോയ് സ്വത്വവും
സ്വാർത്ഥചിന്തതൻ പുകയടിഞ്ഞല്ലയോ
വ്യോമമായി ചിദംബരവീഥികൾ

അഴലാഴ്ന്ന സ്മൃതിസാഗരവിൻ നിശ്ചല
മക്കമേറിയിളക്കാറ്റണഞ്ഞുവോ
പൊടിപിടിച്ച പഴങ്കഥക്കെട്ടുകൾ
ഇളകിയാടവേ ഞാനോരോന്നറന്നുവോ

**Item Code:** 956 **Participant Code:** 626

ഏതു കോണിൽ നിന്നാണൊരു താരത്തി-
നീന്നവെന്നിൽ തുടിച്ചുണരുന്നതും
ഏതു വാത്സല്യതാപമാണിന്നെന്റെ
ഏകമാശ്രയമായ് വന്നണഞ്ഞതും.

സൗഹൃദത്തിൻ മഴയിൽ നനഞ്ഞൊരു
സൗമ്യമാകും ദിനങ്ങളുമോർക്കവേ
എന്നെ തേടിയെത്തീടുന്നു, അപ്പൊഴെൻ
അരികിൽ നിൽപ്പോരുമന്യരല്ലാതെയായ്

വരികയായി വസന്തം , സഹജന്റെ
മിഴികളെന്നാത്മദർപ്പണങ്ങൾ, നിറ-
ഞ്ഞൊഴുകിടുന്നു ഉണരുന്ന നിർഝരി
ദുരിതമേകും നിദാഘം മറഞ്ഞുപോയ്